# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 മാർച്ച് 17 മുതൽ മാർച്ച് 21 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 22/2021 | തീയ്യതി: 16/03/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 00.0 | 31.4 – 35.3 | 25.0 - 26.2 | 66–89 | 00 -50 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 17-03-2021 | 18-03-2021 | 19-03-2021 | 20-03-2021 | 21-03-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 0.2 | 0 | 0 | 0 | 0 |
| കൂടിയ താപനില, °C | 35 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില, °C | 26 | 26 | 26 | 26 | 26 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 89 | 89 | 89 | 89 | 89 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 66 | 66 | 66 | 66 | 66 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 14 | 18 | 14 | 20 | 14 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 250 | 250 | 250 | 270 | 270 |
| മേഘ വിന്യാസം, ഒക്ടാ | 3 | 4 | 6 | 6 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | മഴയ്ക്ക് സാധ്യതയില്ല. | | |
| തെങ്ങ് | വിവിധ ഘട്ടം | വരൾച്ച | 1) താഴത്തെ നിരയിലെ രണ്ടു പച്ചോലകൾ വെട്ടി മാറ്റുക<br>2) തടത്തിൽ ചകിരി ചോറ് കമ്പോസ്റ്റ് വിതറുക<br>3) ഉണങ്ങിയ ഓലകൾ കൊണ്ട് പുതയിടുക<br>4) കണികാ ജലസേചനം സ്വീകരിക്കുക<br>5) തൈ തെങ്ങുകളെ തണൽ നൽകി സംരക്ഷിക്കുക |
| കവുങ്ങ് | കായ്ക്കുന്ന സമയം | പൂങ്കുല കരിച്ചിൽ  | ഉയർന്ന താപ ആർദ്ര സ്ഥിതി തുടരുന്നതിനാൽ രോഗം ഉണ്ടാകാൻ സാധ്യത. രോഗം കാണുകയാണെങ്കിൽ ഹെക്സകൊണസോൾ 1 മില്ലി /ലിറ്റർ അല്ലെങ്കിൽ ബോർഡോ മിശ്രിതം 1 % എന്ന തോതിൽ തളിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| വിവിധ വിളകൾ | വിവിധ ഘട്ടം | നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ  നിലവിൽ അനുഭവപ്പെടുന്ന വരണ്ട കാലാവസ്ഥ മുഞ്ഞ, തുള്ളൻ, മണ്ഡരി, ചാഴി, വെള്ളീച്ച, മീലിമൂട്ട മുതലായ നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ വർദ്ധിക്കാൻ അനുയോജ്യമായ കാലാവസ്ഥയാണ്. മിക്കവയും മൊസൈക് പോലുള്ള രോഗങ്ങൾ ഉണ്ടാക്കുന്ന വൈറസിനെ പരത്തുന്നവയാണ് | 5 മില്ലി വേപ്പെണ്ണ 1 ലിറ്ററിന് 5 ഗ്രാം വീതം സോപ്പ് ലയിപ്പിച്ച ഇളം ചൂടുള്ള ലായനിയിൽ ചേർത്തിളക്കി തയ്യാറാക്കിയ കീടനാശിനി തളിക്കുക<br>അല്ലെങ്കിൽ<br>മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ കീടനാശിനി തളിക്കുക. |
| മാവ് | കായ മൂപ്പെത്തുന്ന ഘട്ടം | കായീച്ച  | മൂപ്പെത്തിയ മാങ്ങകൾ പഴുക്കുന്നതിനു മുമ്പെ പറിച്ചെടുക്കുക. തിളക്കുന്ന വെള്ളവും തണുത്ത വെള്ളവും തുല്യ അളവിൽ യോജിപ്പിച്ച് ഒരു ലിറ്റർ വെള്ളത്തിന് ഒരു ടേബിൾ സ്പൂൺ എന്ന തോതിൽ കറിയുപ്പ് ലയിപ്പിക്കുക. പ്രസ്തുത ലായനിയിൽ മാങ്ങകൾ 2 മിനിട്ട് നേരത്തേക്ക് മുക്കിയെടുത്ത് വെള്ളം തോർത്തി കളഞ്ഞതിനു ശേഷം പഴുക്കാൻ വെക്കുക. |
| കോഴികളും വളർത്തു പക്ഷികളും | വിവിധ ഘട്ടം | വേനൽക്കാലപിരിമുറുക്കങ്ങളും രോഗങ്ങളും :  | അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നത് വളർത്തു കോഴികളെയും പക്ഷികളെയും പ്രതികൂലമായി ബാധിക്കും. പ്രതികൂല സാഹചര്യത്തെ പ്രതിരോധിക്കുന്നതിനായി പക്ഷികളെ സൂര്യരശ്മികൾ ഏൽക്കാത്ത വെള്ള പെയിന്റ് അടിച്ച മേൽക്കൂരകൾക്ക് താഴെ പാർപ്പിക്കുക.ഫാൻ, ദേഹത്തു തണുത്ത വെള്ളം തൂവുക എന്നിവ അവലംബിക്കുക. കുടിക്കാനായി ഐസ്, ഗ്ലൂക്കോസ് , ഒരു ശതമാനം സോഡിയം ബൈ കാർബോണറ്റ് എന്നിവ ചേർത്ത വെള്ളം നൽകുക. ചൂട് കുറഞ്ഞ രാവിലെയും വൈകുന്നേരങ്ങളിലും വിറ്റാമിനുകൾ, ഫോസ്ഫോറസ്, വൈറ്റമിൻ - സി എന്നിവ സമ്പുഷ്ടമാക്കിയ തീറ്റ നൽകുക |

ഒപ്പ് /-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി